പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2568 — 11.10.2011 - ൽ മറുപടിക്ക്

## വയനാട് ചുരം റോഡിന്റെ ശോച്യാവസ്ഥ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. മമ്മൂട്ടി | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) വയനാട് ജില്ലയിലെ ഏതെങ്കിലും റോഡുകൾ കേന്ദ്ര റോഡ് ഫണ്ടിൽ (സി.ആർ.എഫ്) ഉൾപ്പെടുത്തി പ്രവൃത്തി നടത്താൻ തെരഞ്ഞെടുക്കുകയോ നിർദ്ദേശിക്കുകയോ ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവ ഏതെല്ലാമെന്ന വ്യക്തമാക്കുമോ ; | (എ) താഴെ പറയുന്ന റോഡുകൾ സി.ആർ.എഫ് പദ്ധതിയിൽ 2011-12 വർഷം നിർദ്ദേശിച്ചിട്ടുണ്ട്<br>1. കല്പറ്റ – വാരം പറ്റ റോഡ്.<br>2. സുൽത്താൻ ബത്തേരി - താഴൂർ റോഡ് |
| (ബി) നാഷണൽ ഹൈവേ 212-ൽ ഉൾപ്പെട്ട വയനാട് ചുരം റോഡിലെ ഗതാഗതക്കുരുക്ക ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ എന്തെല്ലാം നടപടിയെന്ന വ്യക്തമാക്കുമോ ; | (ബി) ഉണ്ട്. ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനായി നിലവിലുള്ള 6 ഹെയർപിൻ വളവുകൾ കൂടി വീതികൂട്ടി പരിഷ്കരിക്കേണ്ടതുണ്ട്. ആയതിനാൽ 0.97 ഹെക്ടർ വനഭൂമി വിട്ടുകിട്ടേണ്ടതുണ്ട്. ഇതിനുള്ള അപേക്ഷ 24.08.2011 -ന് എൻ.എച്ച്.വിഭാഗം കോഴിക്കോട് ഡി.എഫ്.ഒ.യ്ക്ക് കൈമാറിയിട്ടുണ്ട്. ഹെയർപിൻ വളവുകൾ സംരക്ഷണ ഭിത്തികെട്ടി വീതി കൂട്ടി കോൺക്രീറ്റ് ഇന്റർലോക്കിംഗ് ബ്ലോക്കുകൾ പാകി പരിഷ്കരിക്കുന്നതിലേയ്ക്കായി 34.5 കോടി രൂപയുടെ എസ്റ്റിമേറ്റ് പരിഗണനയിലാണ്. വാവാട് മുതൽ ലക്കിടി വരെ നിലവിലുള്ള 30 കി.മീ. പരിഷ്കരണം പ്രവൃത്തി തുടങ്ങിക്കഴിഞ്ഞു. ഹെയർപിൻ വളവുകൾ വീതി കൂട്ടി പരിഷ്കരിച്ചെങ്കിൽ മാത്രമേ ഗതാഗതക്കുരുക്ക് പൂർണ്ണമായി പരിഹരിക്കാൻ കഴിയുകയുള്ളൂ. |

(സി) വയനാട് ചുരം റോഡിന്റെ ശോച്യാവസ്ഥക്കും പ്രശ്നങ്ങൾക്കും പരിഹാരമായി വയനാട്ടിലേക്കുള്ള ബദൽ പാതകളെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നിർദ്ദേശങ്ങൾ പരിഗണന യിലുണ്ടെന്നു വ്യക്തമാക്കുമോ ; അവ പ്രാവർത്തികമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ;

(സി) ഉണ്ട്. 5 ബദൽ റോഡുകളുടെ അലൈൻമെന്റ് പ്രൊപ്പോസലുകൾ പരിഗണിച്ചുവരികയാണ്.

(ഡി) വയനാട്ടിലേക്കുള്ള ബദൽ റോഡായി 1994-ൽ സംസ്ഥാന സർക്കാർ ഏറ്റെടുത്തിട്ടുള്ള പൂഴിത്തോട് - പടിഞ്ഞാറെത്തറ റോഡിന്റെ പ്രവൃത്തി പൂർത്തീകരിച്ചി ട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ; ഇതു പൂർത്തീകരി ക്കാനുള്ള തടസ്സങ്ങൾ നീക്കാൻ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നു വ്യക്തമാക്കുമോ ;

(ഡി) പൂഴിത്തോട് പടിഞ്ഞാറെത്തറ റോഡ് പുനർനാമകരണം ചെയ്ത് സ്റ്റേറ്റ് ഹൈവേ 54 കടിയങ്ങാട് - പെരുവണ്ണാമൂഴി - പൂഴിത്തോട് പടിഞ്ഞാറെത്തറ റോഡ് എന്ന് ആക്കിയിട്ടുണ്ട്. മൊത്തം നീളം 43/975. ടി റോഡ് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. ഇതിൽ കടിയങ്ങാട് മുതൽ പൂഴിത്തോട് വരെ പൊതുമരാമത്ത് റോഡ് നിലവിലുണ്ട്. (0/000 മുതൽ 19/030 വരെ)
2. 19/030 മുതൽ 19/960 വരെ (930 മീറ്റർ) സ്ഥലം ലഭ്യമാണ്. റോഡ് നിർമ്മിക്കേണ്ടതുണ്ട്.
3. 19/960 മുതൽ 36/750 വരെ (16.790 കി.മീ.) ആവശ്യത്തിന് സ്ഥലം വിട്ടുകിട്ടാത്തതിനാൽ റോഡ് നിർമ്മാണം നടന്നിട്ടില്ല.
4. 36/750 മുതൽ 37/350 വരെ റോഡ് നിർമ്മിക്കേണ്ടതുണ്ട്. (600 മീറ്റർ)
5. 37/350 മുതൽ 37/750 വരെ റോഡ് പണി പുരോഗമിക്കുന്നു. (400 മീറ്റർ)

6. 37/750 മുതൽ 38/175 വരെ (425 മീറ്റർ) വാരമ്പറ്റ പാലം നിർമ്മാണ പണി വയനാട് നിരത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ മേൽനോട്ടത്തിലാണ് നടക്കുന്നത്.
7. 38/175 മുതൽ 43/975 വരെ (5.800 കി.മീ.) റോഡ് നിലവിലുണ്ട്.

റോഡ് പൂർണ്ണമായി പൂർത്തീകരി ക്കാൻ 23.50 ഹെക്ടർ വനഭൂമി ആവശ്യമാണ്. ഈ ഭൂമി വിട്ടുകിട്ടാനുള്ള അപേക്ഷ അസിസ്റ്റന്റ് ഇൻസ്പെക്ടർ ജനറൽ, ഫോറസ്റ്റ് മിനിസ്ട്രി ഓഫ് എൻവയേൺമെന്റ് ആന്റ് ഫോറസ്റ്റ് നിരസിച്ചിരുന്നു.

| | | | |
|---|---|---|---|
| (ഇ) | ഈ റോഡിനു ഭരണാനുമതി നൽകികൊണ്ടുള്ള ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ? | (ഇ) | ഉത്തരവിന്റെ പകർപ്പ് ഉടനെ ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ